**ഭരണഭാഷ-മാതൃഭാഷ**

**അടിയന്തിരം**

ICDS/A4-5231/20

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 21-10-2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

# പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - ദുരന്തനിവാരണ സെൽ - പ്രളയദുരന്തം - ദുരിതാശ്വാസ ക്യാമ്പുകളിലെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ദുരന്തത്തിൽ അകപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും - മാർഗ്ഗ നിർദ്ദേശം നല്കുന്നത് - സംബന്ധിച്ച്.

സൂചന : 10-08-20ലെ മേൽ നമ്പർ പരിപത്രം.

കേരളത്തിൽ ഉണ്ടായ അപ്രതീക്ഷിത പ്രളയംമൂലം കനത്ത് നാശനഷ്ടങ്ങളാണ് സംസ്ഥാനത്തിന് നേരിടേണ്ടി വന്നിട്ടുള്ളത്. തീവ്ര മഴ സാദ്ധ്യതയുള്ള കാലാവസ്ഥാ പ്രവചനവും നിലനിൽക്കുന്നുണ്ട്. പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഇനിയും ആവർത്തിക്കാനുള്ള സാധ്യത പ്രതീക്ഷിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ കൂടി വകുപ്പിലെ എല്ലാ വിഭാഗം ഉദ്യോഗസ്ഥരും അങ്കണവാടി പ്രവർത്തകരും നടത്തേണ്ടതുണ്ട്. ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പരിപത്ര പ്രകാരം നല്കിയിട്ടുണ്ട്. ടി പരിപത്ര പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടപ്പിലാക്കേണ്ടതാണ്.

1) പ്രളയ ദുരന്തത്തിൽ അകപ്പെട്ട ആളുകൾക്കായി ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി ക്യാമ്പുകളിൽ താമസിക്കുന്ന സ്ത്രീകൾക്കും കുട്ടി കൾക്കും പ്രളയ ദുരന്തം പ്രത്യക്ഷമായും പരോക്ഷമായും ബാധിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിനും പ്രവർത്തന ചുമതല ഏകോപിപ്പിക്കുന്നതിനും ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. ജില്ലയിലെ വകുപ്പിന് കീഴിലുള്ള എല്ലാ ജീവനക്കാരേയും ഉൾപ്പെടുത്തി അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതും കൂടാതെ ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ദുരന്തനിവാരണസെല്ലിന്റെ നിർദ്ദേശാനുസരണമുള്ള അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

2) ദുരിതാശ്വാസ ക്യാമ്പുകളുടെ ചുമതലകൾ വകുപ്പിലെ പ്രോഗ്രാം ഓഫീസർമാർ/വനിതാ സംരക്ഷണ ഓഫീസർമാർ/ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ/ശിശു വികസന പദ്ധതി ഓഫീസർമാർ തലത്തിൽ നല്കി ഉത്തരവാകേണ്ടതും മേൽനോട്ടം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ വഹിക്കേണ്ടതുമാണ്.

3) പ്രളയ ദുരന്തത്തിൽ മാതാപിതാക്കളോ അടുത്തബന്ധുക്കളോ നഷ്ടപ്പെട്ടുകയോ ചികിത്സയിൽ കഴിയുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഒറ്റപ്പെട്ട് കഴിയുന്ന കുട്ടികൾ ഉണ്ടെങ്കിൽ ടി കുട്ടികളുടെ സംരക്ഷണത്തിന് അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണ്.

4) പ്രളയ ദുരന്തത്തിൽ അകപ്പെട്ട കുട്ടികൾ നേരിടുന്ന മാനസ്സിക സമ്മർദ്ദങ്ങൾ മനസ്സിലാക്കുന്നതിന് individual counselling നടത്തേണ്ടതും ആവശ്യമെങ്കിൽ District Resource Centreലേയ്ക്ക് റഫർ ചെയ്യേണ്ടതുമാണ്. പ്രത്യേക സംരക്ഷണവും പരിചരണവും ആവശ്യമുള്ള (CNCP) കുട്ടികൾ ഉണ്ടെങ്കിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഇത്തരം കുട്ടികൾക്ക് Parenting Clinic വഴി 6 മാസത്തേയ്ക്ക് Follow up പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

5) ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, ഒറ്റപ്പെട്ട് താമസിക്കുന്ന സ്ത്രീകൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകി ആവശ്യമായ മാനസ്സിക പിന്തുണയും ആരോഗ്യവകുപ്പുമായി സഹകരിച്ച് ആവശ്യമായ ആരോഗ്യ പരിപാലനവും ഉറപ്പാക്കേണ്ടതാണ്.

6) സ്ത്രീകൾക്കും പെൺകുട്ടികൾക്കും വ്യക്തി ശുചിത്വത്തിനാവശ്യമായ മുൻകരുതലുകൾ ഏർപ്പെടുത്തേണ്ടതാണ്.

7) ക്യാമ്പിൽ കഴിയുന്ന എല്ലാ സ്ത്രീകൾക്കും, കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും മതിയായ ടോയ്‌ലറ്റ് സൗകര്യം, വെള്ളം, നാപ്കിൻ എന്നിവ ഉറപ്പാക്കേണ്ടതാണ്.

8) ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസിക പിന്തുണ ഉറപ്പാക്കുന്നതിനായി കൗൺസിലിംഗ് നല്കുന്നതിന് സ്കൂൾ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

9) പ്രളയ ദുരന്തത്തിൽ അകപ്പെട്ട സ്ത്രീകളുടേയും കുട്ടികളുടേയും വിവരങ്ങൾ പ്രത്യേകം അടിയന്തിരമായി ശേഖരിക്കേണ്ടതും ആയത് എല്ലാ ദിവസവും ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ icdsasection@gmail.comൽ ലഭ്യമാക്കേണ്ടതുമാണ്.

പ്രൊഫോർമ-I

മരണപ്പെട്ട കുട്ടികളുടെ വിവരം

| ക്രമ നം | പേരും മേൽവിലാസവും | വയസ്സ് | പഞ്ചായത്ത് | അടുത്ത അങ്കണവാടി സെന്റർ നം. | മരണ കാരണം | മരണപ്പെട്ട തീയതി | AAY/മുൻഗണന റേഷൻ കാർഡിൽ ഉൾപ്പെട്ടതാണോ | കുടുംബത്തിലെ മറ്റംഗങ്ങളുടെ വിവരം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

പ്രൊഫോർമ-II

മരണപ്പെട്ട സ്ത്രീകളുടെ വിവരം

| ക്രമ നം | പേരും മേൽവിലാസവും | വയസ്സ് | പഞ്ചായത്ത് | അടുത്ത അങ്കണവാടി സെന്റർ നം. | മരണ കാരണം | മരണപ്പെട്ട തീയതി | AAY/മുൻഗണന റേഷൻ കാർഡിൽ ഉൾപ്പെട്ടതാണോ | കുടുംബത്തിലെ മറ്റംഗങ്ങളുടെ വിവരം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

പ്രൊഫോർമ-III

മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ വിവരം

| ക്രമ നം | പേരും മേൽവിലാസവും | വയസ്സ് | പഞ്ചായത്ത് | അടുത്ത അങ്കണവാടി സെന്റർ നം. | മരണ കാരണം | മരണപ്പെട്ട തീയതി | AAY/മുൻഗണന റേഷൻ കാർഡിൽ ഉൾപ്പെട്ടതാണോ | കുടുംബത്തിലെ മറ്റംഗങ്ങളുടെ വിവരം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

പ്രൊഫോർമ-IV

മാതാവോ പിതാവോ നഷ്ടപ്പെട്ട കുട്ടികളുടെ വിവരം

| ക്രമ നം | പേരും മേൽവിലാസവും | വയസ്സ് | പഞ്ചായത്ത് | അടുത്ത അങ്കണവാടി സെന്റർ നം. | മരണ കാരണം | മരണപ്പെട്ട തീയതി | AAY/മുൻഗണന റേഷൻ കാർഡിൽ ഉൾപ്പെട്ടതാണോ | കുടുംബത്തിലെ മറ്റംഗങ്ങളുടെ വിവരം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

വനിത ശിശു വികസന ഡയറക്ടർ.

S.N. SIVANYA
Joint Director
Women and Child Development Department
Thiruvananthapuram - 695012

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.

പകർപ്പ്: All POs/WPOs/DCPOs/CDPOs.